പദ്ധതി പൂർത്തീകരിക്കുന്നതിനായി സംസ്ഥാന സർക്കാർ 597.81 കോടി രൂപ കൂടി അനുവദിക്കേണ്ടതുണ്ട്. കൂടാതെ കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ തയ്യാറെടുപ്പ് പ്രവൃത്തികൾക്കായി നാളിതുവരെ 215.13 കോടി രൂപ ചെലവായിട്ടുണ്ട്. 112.28 കോടി രൂപകൂടി ഈയിനത്തിൽ നല്കേണ്ടതായിട്ടുണ്ട്.

(ഡി) കൊച്ചി മെട്രോ റെയിൽ പദ്ധതിക്കുവേണ്ടി ദീർഘകാല വായ്പയായി 180 മില്യൺ യൂറോ എ.എഫ്.ഡി.-യിൽ (AFD) നിന്നും 1170 കോടി രൂപ കാനറാ ബാങ്കിൽനിന്നും അനുവദിച്ചിട്ടുണ്ട്. കൂടാതെ, സ്ഥലമെടുപ്പിനായി 470 കോടി രൂപ (വൈറ്റില-പേട്ട റോഡ് വികസിപ്പിക്കുന്ന തയ്യാറെടുപ്പ് ജോലിയുടെ സ്ഥലമെടുപ്പിന് ഉൾപ്പെടെ) എറണാകുളം ജില്ലാ സഹകരണ ബാങ്കിൽനിന്നും ലോൺ എടുക്കുകയുണ്ടായി. ഈ ലോണിന്റെ തിരിച്ചടവ് സംസ്ഥാന സർക്കാരാണ് നടത്തേണ്ടത്. ഇതിലോരോന്നിന്റെയും തിരിച്ചടവ് തുടങ്ങുന്ന തീയതി താഴെപ്പറയുന്നു:

എ.എഫ്.ഡി. (AFD) - 15-9-2019

കാനറാ ബാങ്ക് - 2020-21 സാമ്പത്തിക വർഷം

എറണാകുളം ജില്ലാ സഹകരണ ബാങ്ക് (EDCB) - 2017-18 സാമ്പത്തിക വർഷം

വൈക്കം നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതി

31 (416) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതിയുടെ വിശദാംശങ്ങളും പുരോഗതിയും വ്യക്തമാക്കുമോ;

(ബി) മേൽസൂചിപ്പിച്ച പദ്ധതി പ്രകാരം ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്നും പ്രസ്തുത പദ്ധതിയ്ക്കായി എത്ര തുകയാണ് ചെലവഴിക്കപ്പെടുന്നതെന്നും വ്യക്തമാക്കുമോ;

(സി) ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വൈക്കം നിയോജകമണ്ഡലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതി പ്രകാരം വൈക്കം നിയോജകമണ്ഡലത്തിൽ എത്ര കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) ഡി.ഡി.യു.ജി.ജെ.വൈ. പ്രകാരം വൈക്കം നിയോജകമണ്ഡലത്തിൽ

നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

(i) പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

(ii) പുതിയ 11 കെ.വി. ലൈൻ നിർമ്മിക്കുക.

(iii) ഡി.റ്റി.ആർ. മീറ്റർ സ്ഥാപിക്കുക.

(iv) ബി.പി.എൽ. സർവ്വീസ് കണക്ഷൻ നൽകുക.

നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരിക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

(i) ട്രാൻസ്ഫോമർ സ്ഥാപിക്കൽ - 17 എണ്ണം

(ii) 11 കെ.വി. ലൈൻ നിർമ്മാണം - 17.35 കി.മീ.

(iii) ഡി.റ്റി.ആർ. മീറ്റർ സ്ഥാപിക്കൽ - 63 എണ്ണം

(iv)

1.	കേടായ ഗാർഹിക മീറ്റർ മാറ്റൽ	6161
2.	ഗാർഹിക ത്രീ ഫേസ് മീറ്റർ മാറ്റൽ	1000
3.	കാർഷിക ത്രീ ഫേസ് മീറ്റർ മാറ്റൽ	49
4.	മെക്കാനിക്കൽ മീറ്റൽ മാറ്റൽ (സിംഗിൾ ഫേസ്)	5162
5.	മെക്കാനിക്കൽ മീറ്റർ മാറ്റൽ (ത്രീ ഫേസ്)	142
6.	കാർഷിക ത്രീ ഫേസ് മെക്കാനിക്കൽ മീറ്റർ മാറ്റി സ്ഥാപിക്കൽ	39
7.	ബി.പി.എൽ. സർവ്വീസ് കണക്ഷൻ	89

ഓരോ സെക്ഷൻ പരിധിയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ ക്രോഡീകരിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ടി നിയോജകമണ്ഡലത്തിൽ നാളിതുവരെ, ബി.പി.എൽ. സർവ്വീസ് കണക്ഷൻ നൽകുന്നതിനുവേണ്ടി 6.603 ലക്ഷം രൂപയുടെ പ്രവൃത്തികൾ ഡി.ഡി.യു.ജി.ജെ.വൈ. പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രവൃത്തികൾക്കായി മൊത്തം 3.35 കോടി രൂപയുടെ പ്രവൃത്തികളാണ് നടപ്പാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly